# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2198** **18.03.2015-ലെ മറുപടിക്ക്**

## സംസ്ഥാന ഗവൺമെന്റിന്റെ ആസ്തി-ബാദ്ധ്യത

| ചോദ്യം<br>ശ്രീ. സാജു പോൾ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം സംസ്ഥാന ഗവൺമെന്റ് കൊടുത്തു തീർക്കേണ്ട മൊത്തം ബാദ്ധ്യതകളെ സംബന്ധിച്ച് വിശദമാക്കാമോ ; | പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.01.2014 മുതൽ 30.11.2014 വരെ 1582.36 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 411.71 കോടി രൂപയും ജലവിഭവ വകുപ്പിൽ 01.01.2014 മുതൽ 31.08.2014 വരെ 110.78 കോടി രൂപയും നൽകാനുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ ഒഴികെ മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് ഡിസംബർ 2014 വരെ കുടിശ്ശികയില്ല. 2015 ജനുവരി മുതൽ മാർച്ച് വരെ 269.11 കോടി രൂപയാണ് കുടിശ്ശിക. കർഷകത്തൊഴിലാളി പെൻഷൻ 2015 മാർച്ച് വരെ നൽകുന്നതിനുള്ള തുക ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷനും സിവിൽ സപ്ലൈസ് കോർപ്പറേഷനും കൊടുത്തു തീർക്കാനുള്ള തുകയുടെ വിശദാംശം ശേഖരിച്ചു വരുന്നു. സാമ്പത്തിക വർഷാവസാനമാകുമ്പോഴേയ്ക്കും ഇവയെല്ലാം കൊടുത്തു തീർക്കാനുള്ള തുക ട്രഷറിയിലുണ്ടാകുമെന്ന് കരുതുന്നു. |
| (ബി) | പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർ, ജലവിഭവ വകുപ്പിലെ കോൺട്രാക്ടർമാർ, സാമൂഹ്യസുരക്ഷാ പെൻഷനുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ലാൻഡ് അക്വിസിഷൻ തുടങ്ങി എന്തെല്ലാം ഇനങ്ങളിൽ എന്തു തുക വീതം ഇപ്പോൾ കൊടുത്തു തീർക്കാനായി ബാക്കി നില്പുണ്ട് ; ഇവയ്ക്കെല്ലാമായി ഇപ്പോൾ ട്രഷറിയിൽ എത്ര തുക മിച്ചമുണ്ടെന്ന് വ്യക്തമാക്കാമോ ; | |
| (സി) | സർക്കാരിന്റെ ബാദ്ധ്യതകൾ 2015 മാർച്ച് 31 ന് മുൻപായി കൊടുത്ത് തീർക്കാമെന്ന് കരുതുന്നുണ്ടോ ; 2015 മാർച്ച് പിന്നിടുമ്പോൾ കടബാദ്ധ്യതകൾ മൊത്തം എത്ര കോടിയായി ഉയരും ; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ ചരിത്രത്തിലുടനീളമുള്ള കടബാദ്ധ്യത മൊത്തം എത്രയായിരുന്നു ? | 2014-15 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടു കൂടി അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്ക് ലഭിക്കുമ്പോൾ മാത്രമേ 31.03.2015 ലെ മൊത്തം കടബാദ്ധ്യത സംബന്ധിച്ച യഥാർത്ഥ സ്ഥിതി വ്യക്തമാവുകയുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31.03.2011 വരെ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 78673.24 കോടി രൂപയായിരുന്നു. |

സെക്ഷൻ ഓഫീസർ